✎ ടി.കെ ഉബൈദ്



# സൂറ – 36 / യാസീൻ

## സൂക്തം: 47 – 51

മനുഷ്യൻ സ്വയം തെരഞ്ഞെടുത്ത് ചെയ്ത കർമങ്ങൾ വിചാരണക്കും രക്ഷാ ശിക്ഷകൾക്കും വിധേയമാവുക തികച്ചും ന്യായമാകുന്നു. ദൈവം അനുശാസിച്ച ധർമങ്ങൾ എന്ന നിലയിലും ദൈവപ്രീതിക്കുതകുന്ന കാര്യങ്ങൾ എന്ന നിലയിലും ചെയ്യപ്പെടുന്ന ഏറെ കാര്യങ്ങളുണ്ട്. ദൈവാരാധന, ധർമസമരം, ദാനധർമം, പരസഹായം, സത്യവും നീതിയും സ്ഥാപിക്കാനുള്ള പരിശ്രമം.... തുടങ്ങിയവ. അക്കൂട്ടത്തിൽ അധർമങ്ങളോ അനാചാരങ്ങളോ ഇല്ല.

وَإِذَا قِيلَ لَهُمْ أَنفِقُوا۟ مِمَّا رَزَقَكُمُ ٱللَّهُ قَالَ ٱلَّذِينَ كَفَرُوا۟ لِلَّذِينَ ءَامَنُوٓا۟ أَنُطْعِمُ مَن لَّوْ يَشَآءُ ٱللَّهُ أَطْعَمَهُۥٓ إِنْ أَنتُمْ إِلَّا فِى ضَلَـٰلٍ مُّبِينٍ ﴿٤٧﴾

47. അല്ലാഹു നിങ്ങൾക്ക് ഏകിയിട്ടുള്ളതിൽനിന്നൊരു ഭാഗം ധർമമാർഗത്തിൽ ചെലവഴിക്കുവിൻ എന്നുപദേശിക്കുമ്പോൾ സത്യ-ധർമങ്ങൾ നിഷേധിക്കുന്നവർ സത്യവിശ്വാസികളോട് പറയുകയായി; അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ആഹാരം കൊടുക്കുമായിരുന്നവർക്ക് ഞങ്ങൾ ആഹാരം കൊടുക്കുകയോ? നിങ്ങൾ തെളിഞ്ഞ മാർഗച്യുതിയിൽ തന്നെയാകുന്നു.

### 47

وَإِذَا قِيلَ لَهُمْ= അവർ പറയപ്പെടുമ്പോൾ (അവരെ ഉപദേശിക്കുമ്പോൾ)

أَنفِقُوا= നിങ്ങൾ (ധർമമാർഗത്തിൽ) ചെലവഴിക്കുവിൻ (എന്ന്)

مِمَّا رَزَقَكُمُ اللَّهُ = അല്ലാഹു നിങ്ങൾക്ക് ഏകിയിട്ടുള്ളതി(ള്ള വിഭവങ്ങളി)ൽനിന്ന് (ഒരു ഭാഗം)

قَالَ الَّذِينَ كَفَرُوا= (സത്യ-ധർമങ്ങൾ) നിഷേധിച്ച(ക്കുന്ന)വർ പറയുകയായി

لِلَّذِينَ آمَنُوا= സത്യവിശ്വാസികളോട് أَنُطْعِمُ = ഞങ്ങൾ ആഹാരം കൊടുക്കുകയോ

مَن لَّوْ يَشَاءُ اللَّهُ أَطْعَمَهُ= അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവന് ആഹാരം കൊടുക്കുമായിരുന്ന(വർക്ക്) ഒരുവന്

إِنْ أَنتُمْ إِلَّا فِي ضَلَالٍ مُّبِينٍ= നിങ്ങൾ തെളിഞ്ഞ മാർഗച്യുതിയിൽ അല്ലാതെയല്ല (തന്നെയാകുന്നു)

സത്യധർമങ്ങൾ നിഷേധിക്കുന്നവർ ധാർമികവും മാനുഷികവുമായ ഉത്തരവാദിത്തങ്ങളിൽനിന്ന് ഒഴിഞ്ഞുമാറാൻ ഉന്നയിക്കുന്ന വിതണ്ഡവാദങ്ങൾക്ക് ഒരുദാഹരണമാണീ സൂക്തം പറയുന്നത്. അവരിലെ സമ്പന്നരോട് വിശ്വാസികൾ ഉപദേശിക്കും: നിങ്ങളുടെ കൈവശമുള്ള സമ്പത്ത് അല്ലാഹു അനുഗ്രഹിച്ചരുളിയിട്ടുള്ളതാണ്. അവൻ നിങ്ങളെ ഏൽപിച്ച അമാനത്താണത്. അല്ലാഹു ഏൽപിച്ച അമാനത്ത് അവൻ തൃപ്തിപ്പെടുന്ന വിധം തന്നെ ഉപയോഗിക്കേണ്ടതാണ്. നിങ്ങളുടെ കൈയിൽ വന്നു ചേർന്ന സമ്പത്തിലൊരു ഭാഗം പാവങ്ങളുടെ പട്ടിണി മാറ്റാനും മറ്റു ധർമകാര്യങ്ങളിലും ചെലവഴിക്കേണ്ടത് നിങ്ങളുടെ ബാധ്യതയാകുന്നു. ആ ബാധ്യത നിർവഹിച്ചുകൊണ്ടിരുന്നാൽ അല്ലാഹു പിന്നെയും പിന്നെയും നിങ്ങൾക്കു തന്നുകൊണ്ടിരിക്കും. എന്നാൽ സമ്പന്നന്മാർ കൈയിലുള്ളതത്രയും വാരിവലിച്ച് വിതരണം ചെയ്ത് പാപ്പരാകണമെന്ന് അല്ലാഹു പറയുന്നില്ല. أَنفِقُوا مَا رَزَقْنَاكُمْ (നിങ്ങൾക്ക് തന്നതൊക്കെ ചെലവഴിക്കൂ) എന്നല്ല, أَنفِقُوا مِمَّا رَزَقْنَاكُمْ (നിങ്ങൾക്ക് തന്നിട്ടുള്ളതിൽനിന്ന് ഒരുഭാഗം ചെലവഴിക്കുക) എന്നാണവൻ ആവശ്യപ്പെടുന്നത്. മറ്റൊരിടത്ത് ഇത് കൂടുതൽ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു:

وَلَا تَجْعَلْ يَدَكَ مَغْلُولَةً إِلَىٰ عُنُقِكَ وَلَا تَبْسُطْهَا كُلَّ الْبَسْطِ فَتَقْعُدَ مَلُومًا مَّحْسُورًا

(നിന്റെ കൈ ആർക്കുമൊന്നും കൊടുക്കാതെ പിരടിയിൽ കെട്ടിവെക്കരുത്. അതു പൂർണമായി വിടർത്തുകയുമരുത്. അങ്ങനെ ചെയ്താൽ നീ ആക്ഷിപ്തനും ദുഃഖിതനുമായി ഇരുന്നുപോകും -17:29).

وَالَّذِينَ إِذَا أَنفَقُوا لَمْ يُسْرِفُوا وَلَمْ يَقْتُرُوا وَكَانَ بَيْنَ ذَٰلِكَ قَوَامًا

(കരുണാമയനായ അല്ലാഹുവിന്റെ ദാസന്മാർ ചെലവഴിക്കുമ്പോൾ ധൂർത്തടിക്കുകയോ പിശുക്കുകയോ ചെയ്യാതെ രണ്ടിനുമിടയിൽ മിതത്വം പാലിക്കുന്നതായിരിക്കും - 25:67).

ഈ ഉപദേശത്തിനു നിഷേധികൾ സത്യവിശ്വാസികൾക്കു നൽകുന്ന മറുപടി ഇതായിരിക്കും: ഞങ്ങളെന്തിന് ഞങ്ങളുടെ ധനം പാവങ്ങൾക്കു നൽകണം? സമ്പത്ത് ദൈവം തരുന്നതാണെന്നാണല്ലോ നിങ്ങൾ പറയുന്നത്. ദൈവത്തിനു വേണമെങ്കിൽ ഞങ്ങൾക്കുതന്നതുപോലെ ഈ ദരിദ്രവാസികൾക്കും നൽകാമായിരുന്നു. പക്ഷേ, ദൈവം അതു ചെയ്തില്ല. അവർ പട്ടിണിയും പരിവട്ടവുമായി നരകിക്കട്ടെ എന്നാണവൻ തീരുമാനിച്ചിരിക്കുന്നത്. ആ തീരുമാനത്തിനെതിരെ ഞങ്ങൾ പ്രവർത്തിക്കണമെന്നാവശ്യപ്പെടുന്ന നിങ്ങൾ കൊടിയ മാർഗച്യുതിയിലകപ്പെട്ടിരിക്കുകയാണ്.

ഈ വാദഗതി സാമ്പത്തിക വിഷയത്തിൽ പരിമിതമല്ല. സത്യദൈവത്തിലും ധർമത്തിലും വിശ്വസിക്കാത്തവർ തങ്ങളുടെ നിലപാടുകളും ദുഷ്ചെയ്തികളും ന്യായീകരിക്കാൻ സാധാരണ ഉന്നയിക്കാറുള്ള ന്യായമാണിത്. ദൈവം ഞങ്ങളെ അന്ധവിശ്വാസികളും അധർമികളും അല്ലെങ്കിൽ ദൈവനിഷേധികളും ധിക്കാരികളുമായി സൃഷ്ടിച്ചതുകൊണ്ടല്ലേ ഞങ്ങൾ അവിശ്വാസികളും പാപികളുമായത്. വേണമെങ്കിൽ എല്ലാ മനുഷ്യരെയും സച്ചരിതരും സന്മാർഗികളുമായി സൃഷ്ടിക്കാൻ അവനു കഴിയുമായിരുന്നുവല്ലോ. മനുഷ്യരെ നിഷേധികളും പാപികളുമാകാൻ വിധിച്ചവൻതന്നെ ആ നിഷേധത്തിന്റെയും പാപത്തിന്റെയും പേരിൽ അവരെ ശിക്ഷിക്കുന്നതിലെന്തു ന്യായം? പണ്ടു കാലത്തും ഈ വാദം ഉന്നയിക്കപ്പെട്ടിരുന്നു:

سَيَقُولُ الَّذِينَ أَشْرَكُوا لَوْ شَاءَ اللَّهُ مَا أَشْرَكْنَا وَلَا آبَاؤُنَا وَلَا حَرَّمْنَا مِن شَيْءٍ ۚ كَذَٰلِكَ كَذَّبَ الَّذِينَ مِن قَبْلِهِم

(പ്രവാചകന്റെ സന്ദേശം തള്ളിക്കളയുന്ന വിഗ്രഹാരാധകർ തീർച്ചയായും പറയും; ദൈവം ഇഛിച്ചിരുന്നുവെങ്കിൽ ഞങ്ങൾ വിഗ്രഹാരാധകരാകുമായിരുന്നില്ല. ഞങ്ങളുടെ പൂർവികരും ആകുമായിരുന്നില്ല. അനുവദനീയമായ യാതൊന്നിനെയും ഞങ്ങൾ നിഷിദ്ധമാക്കുകയും ചെയ്യുമായിരുന്നില്ല. അവർക്കു മുമ്പുണ്ടായിരുന്നവരും സത്യപ്രബോധനം തള്ളിക്കളയാൻ ഇതേ വ്യാജവാദം ഉന്നയിച്ചിട്ടുള്ളതാണ് - 6:148).

ഖുർആൻ ഈ കുതർക്കത്തിന് മറുപടി പറയുന്നില്ല. സ്വന്തം അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ഉത്തരവാദിത്തം സത്യവിശ്വാസവും ധർമനിഷ്ഠയും അനുശാസിക്കുന്ന അല്ലാഹുവിൽ തന്നെ കെട്ടിവെക്കാനുള്ള ഈ ശ്രമം ഒരുപക്ഷേ, മറുപടി അർഹിക്കുന്നില്ല എന്നതുകൊണ്ടാവാം. അനിഷേധ്യമായ സത്യം ഇതാണ്: ആളുകളെ അന്യായമായി ഹിംസിക്കുന്നവർ, അഴിമതി ചെയ്യുന്നവർ, ചൂഷണം നടത്തുന്നവർ, കൊള്ളയും കവർച്ചയും നടത്തുന്നവർ, സദാചാരവിരുദ്ധ നടപടികളിലും മദ്യപാനത്തിലും ചൂതാട്ടത്തിലും ഏർപ്പെടുന്നവർ ഇവരാരും അതൊക്കെ ചെയ്യുന്നത് ദൈവം നിർബന്ധിച്ചിട്ടല്ല. തന്നോട് അത് ചെയ്യാൻ ദൈവം ആവശ്യപ്പെട്ടിരിക്കുന്നു എന്നോ താൻ അതു ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നുവെന്നോ കരുതിക്കൊണ്ടുമല്ല; സ്വയം തീരുമാനിച്ചുറച്ചു സ്വതന്ത്രമായി ചെയ്യുകയാണ്. മനുഷ്യൻ സ്വയം തെരഞ്ഞെടുത്ത് ചെയ്ത കർമങ്ങൾ വിചാരണക്കും രക്ഷാ ശിക്ഷകൾക്കും വിധേയമാവുക തികച്ചും ന്യായമാകുന്നു. ദൈവം അനുശാസിച്ച ധർമങ്ങൾ എന്ന നിലയിലും ദൈവപ്രീതിക്കുതകുന്ന കാര്യങ്ങൾ എന്ന നിലയിലും ചെയ്യപ്പെടുന്ന ഏറെ കാര്യങ്ങളുണ്ട്. ദൈവാരാധന, ധർമസമരം, ദാനധർമം, പരസഹായം, സത്യവും നീതിയും സ്ഥാപിക്കാനുള്ള പരിശ്രമം.... തുടങ്ങിയവ. അക്കൂട്ടത്തിൽ അധർമങ്ങളോ അനാചാരങ്ങളോ ഇല്ല. ദൈവ കൽപിതമായ ധർമങ്ങൾ അവന്റെ പ്രീതിയും പ്രതിഫലവും കാംക്ഷിച്ച് അനുഷ്ഠിച്ചവർക്ക് ഉചിതമായ പ്രതിഫലം നൽകുക ദൈവിക നീതിയുടെ അനിവാര്യ താൽപര്യമാകുന്നു.

സൂക്തത്തിന്റെ സമാപന വാക്യമായ إِنْ أَنتُمْ.... ന്റെ വക്താവ് തൊട്ടു മുമ്പ് സൂചിപ്പിച്ച നിഷേധികൾ -الَّذِينَ كَفَرُوا- ആണെന്നാണ് പ്രഥമദൃഷ്ട്യാ മനസ്സിലാവുക. പണ്ഡിതന്മാർ പൊതുവിൽ സ്വീകരിച്ചിട്ടുള്ളതും അതാണ്. ഈ വാക്യം നിഷേധികളുടെ വാദത്തിന് അല്ലാഹു നൽകുന്ന മറുപടിയാണെന്ന് ഇബ്നുജരീർ അഭിപ്രായപ്പെട്ടിരിക്കുന്നു. ●

---

وَيَقُولُونَ مَتَىٰ هَٰذَا الْوَعْدُ إِن كُنتُمْ صَادِقِينَ ﴿٤٨﴾

48. ഇക്കൂട്ടർ ചോദിക്കുന്നു; ഈ ഉയിർത്തെഴുന്നേൽപു വാഗ്ദാനം പുലരുന്നതെപ്പോഴാണ്, നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ അതൊന്നു പറഞ്ഞുതരൂ.

**48**

وَيَقُولُونَ= അവർ (ഇക്കൂട്ടർ ചോദിക്കുന്നു) പറയുന്നു

مَتَىٰ هَٰذَا الْوَعْدُ = ഈ (ഉയിർത്തെഴുന്നേൽപ്പു) വാഗ്ദാനം എപ്പോഴാണ് (പുലരുക)

إِن كُنتُمْ صَادِقِينَ= നിങ്ങൾ സത്യവാന്മാർ ആണെങ്കിൽ (സത്യം പറയുന്നവരാണെങ്കിൽ അതൊന്നു പറഞ്ഞുതരൂ)

താൽപര്യമിതാണ്: സത്യവിശ്വാസികൾ മരണാനന്തരം ഉയിർത്തെഴുന്നേൽപിക്കപ്പെട്ട് സർവസൗഭാഗ്യങ്ങളുമുള്ള നിത്യസ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുമെന്ന് ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നുവെന്നാണല്ലോ നിങ്ങൾ പറയുന്നത്. അപ്പറയുന്നത് സത്യം തന്നെയാണെങ്കിൽ, പറയൂ എന്നാണാ വാഗ്ദത്തം പാലിക്കുക? യഥാർഥത്തിൽ ലോകാവസാനവും ഉയിർത്തെഴുന്നേൽപും എന്നാണ് സംഭവിക്കുക എന്നറിയാനുള്ള താൽപര്യമല്ല ഈ ചോദ്യത്തിന്റെ പ്രേരകം. ഇതൊന്നും ഒരിക്കലും സംഭവിക്കാൻ പോകുന്നില്ലെന്നും അതിന്റെ വ്യക്തമായ തെളിവാണ് അതെന്ന് സംഭവിക്കുമെന്ന് വിശ്വാസികൾക്ക് പറയാൻ കഴിയാത്തതെന്നുമാണ് അവരുദ്ദേശിക്കുന്നത്. ●

وعد വാഗ്ദാനവും وعيد താക്കീതുമാണ്. ഭാവിയിൽ ലഭിക്കാനുള്ള സൗഭാഗ്യമാണ് വാഗ്ദാനമാവുക. ദുരന്തങ്ങളും യാതനകളും താക്കീത് -وعيد- ആണ്. രണ്ടു പദവും ഒരേ മൂലത്തിൽനിന്നുള്ളതാകുന്നു. وعد ചിലപ്പോൾ وعيد -ന്റെ അർഥത്തിലും നേരെ മറിച്ചും ഉപയോഗിക്കും. ലോകാവസാനം എപ്പോഴാണ് സംഭവിക്കുക, ഉയിർത്തെഴുന്നേൽപ് എന്നാണ്, പ്രവാചക സന്ദേശം തള്ളിക്കളുകയും പ്രവാചകനെ ദ്രോഹിക്കുകയും ചെയ്യുന്ന ദുഷ്ടന്മാരിൽ ഇറങ്ങുമെന്ന് പറയുന്ന ശിക്ഷയിറങ്ങുന്നതെന്നാണ് എന്നു തുടങ്ങിയ ചോദ്യങ്ങൾ അവിശ്വാസികൾ സാധാരണ ഉന്നയിക്കാറുള്ളതായി ഖുർആൻ പലയിടത്തും പ്രസ്താവിക്കുന്നുണ്ട്. ഈ സൂക്തത്തിലെ ചോദ്യത്തിന്റെ

---

مَا يَنظُرُونَ إِلَّا صَيْحَةً وَاحِدَةً تَأْخُذُهُمْ وَهُمْ يَخِصِّمُونَ ﴿٤٩﴾

49. ഒരു ഘോരശബ്ദം മാത്രമാകുന്നു അവർ കാത്തിരിക്കുന്നത്. അവർ ഭൗതിക ജീവിതത്തിന്റെ വ്യവഹാരങ്ങളിൽ മുഖരിതരായിരിക്കുമ്പോൾ പെട്ടെന്ന് അവരെ ബാധിക്കുന്നു.

فَلَا يَسْتَطِيعُونَ تَوْصِيَةً وَلَا إِلَىٰ أَهْلِهِمْ يَرْجِعُونَ ﴿٥٠﴾

50. അപ്പോൾ ഔസ്യത്ത് ചെയ്യാൻ പോലും അവർക്ക് അവസരം ലഭിക്കുകയില്ല. തങ്ങളുടെ കുടുംബങ്ങളിലേക്ക് തിരിച്ചുചെല്ലാനും കഴിയില്ല.

**49,50**

مَا يَنظُرُونَ= അവർ നോക്കുന്നില്ല (കാത്തിരിക്കുന്നത്)

إِلَّا صَيْحَةً وَاحِدَةً= ഒരൊറ്റ അലർച്ചയല്ലാതെ (ഘോരശബ്ദം മാത്രമാകുന്നു)

تَأْخُذُهُمْ= അത് അവരെ പിടിക്കും (ബാധിക്കുന്നു)

وَهُمْ يَخِصِّمُونَ = അവർ തർക്കിക്കുമ്പോൾ (ജീവിത വ്യവഹാരങ്ങളിൽ മുഖരിതരായിരിക്കുമ്പോൾ)

فَلَا يَسْتَطِيعُونَ= അപ്പോൾ അവർക്കു കഴിയുകയില്ല (അവസരം ലഭിക്കുകയില്ല)

تَوْصِيَةً = ഒസ്യത്ത് ചെയ്യൽ (ചെയ്യാൻപോലും)

وَلَا إِلَىٰ أَهْلِهِمْ يَرْجِعُونَ= തങ്ങളുടെ കുടുംബത്തി(ങ്ങളി)ലേക്ക് മടങ്ങുന്നുമില്ല (തിരിച്ചു ചെല്ലാനും കഴിയില്ല)

ഈ ഭൗതിക ലോകം പൂർണമായി നശിച്ചുപോകുമെങ്കിൽ ആ നാശം ഇപ്പോഴേ തുടങ്ങിക്കാണേണ്ടതാണ്. സൂര്യൻ മങ്ങിക്കൊണ്ടിരിക്കുക, നക്ഷത്രങ്ങൾ ഓരോന്നായി ഉതിർന്നുവീഴുക, മലകൾ അവിടവിടെ ഇടിഞ്ഞുവീഴുക ഇങ്ങനെയുള്ള ഒരടയാളവും നമ്മൾ കാണുന്നില്ല. ലോകം അനുദിനം പുരോഗമിക്കുന്നതായിട്ടാണ് കാണുന്നത്. ഈ ലോകം അവസാനിക്കുന്നതിന്റെ അടയാളങ്ങൾ കണ്ടു തുടങ്ങട്ടെ, ഇക്കൂട്ടർ പറയുന്നതിൽ കഴമ്പുണ്ടെന്ന് അപ്പോൾ നമുക്ക് മനസ്സിലാക്കാം. അതിനെ എങ്ങനെ നേരിടണമെന്ന് ആലോചിക്കുകയും ചെയ്യാം. ഈ വിചാരത്തെക്കുറിച്ചു പറയുകയാണ്: അവർ കരുതുന്നതുപോലെ ഭൗതിക ലോകത്തിന്റെ നശീകരണം അൽപാൽപമായിട്ടല്ല സംഭവിക്കുക. അവർ പരസ്പരം തർക്കിച്ചുകൊണ്ടിരിക്കുമ്പോൾ, ജീവിത വ്യവഹാരങ്ങളിൽ നിരതമായിരിക്കുമ്പോൾ പെട്ടെന്ന് ഒരു ഘോരശബ്ദം അവരെ ബാധിക്കുന്നു. صيحة എന്ന പദം നേരത്തേ 29-ാം സൂക്തത്തിൽ വന്നിട്ടുള്ളതാണ്. خِصَام (തർക്കം) -ൽനിന്നുള്ള ക്രിയയാണ് يَخِصِّمُونَ . ഇതിന്റെ അസൽ രൂപം يَخْتَصِمُونَ ആണ്. ഉച്ചാരണം ലഘൂകരിക്കാൻ അതിലെ تَاء നെ صَاد ആക്കി മാറ്റി ആ صاد നെ തൊട്ടടുത്ത صاد-ൽ ലയിപ്പിച്ച രൂപമാണ് يَخِصّمون ഇവിടെ ഈ ഘോരശബ്ദം കൊണ്ടുദ്ദേശ്യം

ലോകാവസാനത്തിന്റെ ഒന്നാമത്തെ കുഴലൂത്ത് (نفخة الصّور ) ആകുന്നു. ഈ കാഹളം കേൾക്കുന്നതോടെ ആളുകൾ ഭയക്രാന്തരാകുന്നു. അപ്പോൾ എല്ലാവരും അവനവനെ കുറിച്ചു മാത്രമേ ചിന്തിക്കൂ. يَوْمَ تَرَوْنَهَا تَذْهَلُ كُلُّ مُرْضِعَةٍ عَمَّا أَرْضَعَتْ മുലയൂട്ടുന്ന മാതാക്കളൊക്കെയും തങ്ങളുടെ പാൽ പൈതങ്ങളെ മറന്നു പോകുന്ന ദിവസം (22:2). ആളുകൾ അവരുടെ പ്രസവമടുത്ത ഒട്ടകങ്ങളെപ്പോലും കൈയൊഴിയുന്നു (81:4). ഈ ഊത്തിന് نفخة الفزع -ഭയവിഹ്വലതയുടെ ഊത്ത് എന്നും പറയുന്നു. വളരെ പെട്ടെന്നാണത് സംഭവിക്കുക: അതേപ്പറ്റി പ്രവാചകൻ (സ) പ്രസ്താവിച്ചതായി ഇപ്രകാരം ഉദ്ധരിക്കപ്പെട്ടിരിക്കുന്നു: 'ആളുകൾ തെരുവുകളിൽ നടക്കുന്നുണ്ടാകും. ചന്തയിൽ കൊള്ളക്കൊടുക്ക നടത്തുന്നുണ്ടാകും. സഭകൂടി വെടിപറയുന്നുണ്ടാകും. അപ്പോൾ പൊടുന്നനെ സൂറിൽ ഊതപ്പെടുന്നു. വസ്ത്രം വാങ്ങിക്കൊണ്ടിരിക്കുന്നവൻ അത് താഴെ വെക്കുന്നതിനു മുമ്പ് മരണപ്പെടും. കാലികൾക്ക് വെള്ളം കൊടുക്കാൻ തൊട്ടി നിറച്ചവന് അതു കൊടുക്കാൻ കഴിയുന്നതിനു മുമ്പ് ഖിയാമത്ത് സംഭവിക്കും. തിന്നാനിരിക്കുന്നവന് കൈയിലെടുത്ത പിടി വായിലിടുവാൻ പോലും സമയം കിട്ടുകയില്ല.' ഈ നിവേദനത്തിൽനിന്ന് വ്യക്തമാകുന്നത് ഒന്നാമത്തെ ഊത്തിന്റെ ഉടനെ തന്നെ രണ്ടാമത്തെ ഊത്ത് സംഭവിക്കുമെന്നാണ്. രണ്ട് ഊത്തുകൾക്കിടയിൽ ആർക്കും അന്ത്യാഭിലാഷങ്ങൾ പറയാനോ വസ്വിയ്യത്ത് ചെയ്യാനോ ഒന്നും അവസരം ലഭിക്കുകയില്ല. രണ്ടാമത്തെ ഊത്തിനെ نفخة الصّعق (ആകാശ ഭൂമികളിലുള്ളവരെല്ലാം മരിച്ചുവീഴുന്ന ഊത്ത്) എന്നു പറയുന്നു. ഇതിനെക്കുറിച്ച് 39:68 ൽ പറയുന്നു:
وَنُفِخَ فِي الصُّورِ فَصَعِقَ مَن فِي السَّمَاوَاتِ وَمَن فِي الْأَرْضِ إِلَّا مَن شَاءَ اللَّهُ

(കാഹളം ഊതപ്പെടുമ്പോൾ വാനഭുവനങ്ങളിലുള്ളവരൊക്കെയും മരിച്ചുവീഴുന്നു- ജീവനുള്ളവരായിരിക്കാൻ അല്ലാഹു ഉദ്ദേശിച്ചവരൊഴിച്ച്). അനന്തരം മൂന്നാമത്തെ കാഹളം മുഴങ്ങുന്നു. അപ്പോൾ ആദിപിതാവ് ആദം(അ) മുതൽ രണ്ടാമത്തെ കുഴലൂതിയപ്പോൾ മാത്രം മരിച്ചവർ വരെയുള്ള സകലമാന മനുഷ്യരും ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നു. ഇതിനെ نفخة القيام لرب العالمين (ലോകനാഥന്റെ മുമ്പിൽ ഉയിർത്തെഴുന്നേൽക്കാനുള്ള ഊത്ത്) എന്നു പറയുന്നു. ഈ ഊത്തിനെക്കുറിച്ച് സൂറ *അസ്സുമർ* പറയുന്നു: ثُمَّ نُفِخَ فِيهِ أُخْرَىٰ فَإِذَا هُمْ قِيَامٌ يَنظُرُونَ അനന്തരം മറ്റൊരു കുഴലൂത്തു കൂടി ഉണ്ടാകുന്നു, അതോടെ എല്ലാവരും എഴുന്നേറ്റുനിന്ന് നോക്കുകയായി - 39:68).

ഈ മൂന്നാം ഊത്തിനെ അടുത്ത സൂക്തം പരാമർശിക്കുന്നുണ്ട്. ഈ സൂക്തങ്ങൾ അവിശ്വാസികളോട് പറയുന്നത് ഇതാണ്: നിങ്ങൾ കാത്തിരിക്കുന്ന ലോകാവസാനം നേരത്തേ അറിയിപ്പ്തന്ന് സാവകാശം എത്തിച്ചേരുന്ന ഒരതിഥിയല്ല. നിങ്ങൾ ലോകാവസാനത്തെയോ അതിന്റെ ഭീകരതയെയോ കുറിച്ച് ഒരു ചിന്തയുമില്ലാതെ ബഹുവിധ ജീവിത വ്യവഹാരങ്ങളിൽ വ്യാപൃതരായിരിക്കുമ്പോൾ പെട്ടെന്നുണ്ടാകുന്ന ഒരു ഘോരശബ്ദത്തിന്റെ രൂപത്തിലായിരിക്കും അതു നിങ്ങളെ ബാധിക്കുക. അപ്പോൾ സൂര്യൻ ചുരുണ്ടുപോകും. മാനത്തു നിന്ന് താരകങ്ങൾ ഉതിർന്നു വീഴും. പർവതങ്ങൾ പൊടിഞ്ഞ് ധൂളിപോലെ പറക്കാൻ തുടങ്ങും. കടലുകൾ ആളിക്കത്തും. മനുഷ്യനും ജീവജാലങ്ങളും ഭയക്രാന്തരാകും. ആർക്കും അന്ത്യാഭിലാഷങ്ങൾ പറയാനോ സ്വന്തം കുടുംബത്തിൽ തിരിച്ചെത്താനോ അവസരം കിട്ടുകയില്ല. അതിനുമുമ്പ് രണ്ടാമതും ശബ്ദഘോഷമുണ്ടാവുകയും ജീവജാലങ്ങളെല്ലാം മരിച്ചുവീഴുകയും ചെയ്യും. ●

---

وَنُفِخَ فِى ٱلصُّورِ فَإِذَا هُم مِّنَ ٱلْأَجْدَاثِ إِلَىٰ رَبِّهِمْ يَنسِلُونَ ﴿٥١﴾

51. പിന്നെ കാഹളത്തിൽ ഊതപ്പെടുന്നു. അപ്പോഴതാ അവരൊക്കെയും ഖബ്റുകളിൽനിന്ന് എഴുന്നേറ്റ് വിധാതാവിങ്കലേക്ക് പായുന്നു.

**51**

وَنُفِخَ فِي الصُّورِ= കാഹളത്തിൽ ഊതപ്പെട്ടു(ടുന്നു) فَإِذَا هُم= അപ്പോഴതാ അവർ
مِّنَ الْأَجْدَاثِ= ഖബ്റിടങ്ങളിൽനിന്ന് إِلَىٰ رَبِّهِمْ يَنسِلُونَ= (എഴുന്നേറ്റ്) വിധാതാവിങ്കലേക്കു പായുന്നു

നേരത്തേ സൂചിപ്പിച്ച മൂന്നാമത്തെ കുഴലൂത്താണ് ഇത്. രണ്ടാമത്തെ ഊത്തിനും മൂന്നാമത്തെ ഊത്തിനുമിടയിൽ എത്ര സമയദൈർഘ്യമുണ്ടാകുമെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടില്ല. എങ്കിലും അവക്കിടയിൽ നാൽപതാണ്ട് ദൈർഘ്യമുണ്ടാകുമെന്ന് ചില നിവേദനങ്ങൾ പറയുന്നു. മൂന്നാമത്തെ നാദഘോഷമുണ്ടാകുന്നതോടെ ലോകാരംഭം മുതൽ മരിച്ചുപോയവരൊക്കെയും ഒറ്റയടിക്ക് ഉയിർത്തെഴുന്നേൽക്കുന്നു. ഉയിർത്തെഴുന്നേൽക്കുക മാത്രമല്ല, അവർ സ്വമേധയാ അല്ലാഹുവിന്റെ വിചാരണാസഭയിലേക്ക് കുതിച്ചോടുകയും ചെയ്യുന്നു. ഖബ്റിന്റെ പര്യായമായ جَدَث -ന്റെ ബഹുവചനമാണ് أَجْدَاث. ഉതിർന്നുവരിക, വേർപ്പെടുക, വേഗത്തിൽ പുറപ്പെട്ടുവരിക എന്നും സന്തതികൾ, വംശം എന്നും അർഥമുള്ള نَسْل-ൽനിന്നുള്ള ക്രിയയാണ് يَنسِلُونَ. ജന്തുക്കളിൽനിന്ന് പൊഴിഞ്ഞുവീഴുന്ന രോമം, തൂവൽ തുടങ്ങിയവയെ نُسَالْ എന്നും نَسِيل എന്നും പറയും. تَنَاسُل പെറ്റു പെരുകലാണ്. മൃതജഢങ്ങളൊക്കെ ശ്മശാനങ്ങളിലെ മണ്ണിൽ ലയിച്ച് കിടക്കുകയായിരുന്നുവല്ലോ. ആ മണ്ണിൽനിന്ന് പുനർജനിപ്പിക്കുന്നതിനെ കൂടി ധ്വനിപ്പിക്കുന്നതിനു വേണ്ടിയാവാം يَنسِلُونَ എന്ന പദം ഉപയോഗിച്ചത്. ഇവിടെ ഉദ്ദേശ്യം ഖബ്റുകളിൽനിന്നെഴുന്നേറ്റ് അല്ലാഹുവിങ്കലേക്കോടുക എന്നാണെന്ന് إِلَىٰ رَبِّهِمْ -അവരുടെ നാഥങ്കലേക്ക് എന്ന വാക്കിൽനിന്ന് വ്യക്തമാണ്. കൂടാതെ 70:43-ൽ ഉയിർത്തെഴുന്നേൽപിനെക്കുറിച്ച് പറയുന്നു: يَوْمَ يَخْرُجُونَ مِنَ الْأَجْدَاثِ سِرَاعًا (അവർ ഖബ്റുകളിൽനിന്ന് അതിവേഗം പുറപ്പെട്ടുവരുന്ന ദിവസം). ●